(ബി) ഹരിതസംഘങ്ങൾ മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വന്നിരുന്നത് ; ഈ സംഘങ്ങളിലെല്ലാംകൂടി എത്ര കർഷകർ അംഗങ്ങളായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഇപ്പോൾ ഹരിത സംഘങ്ങൾ എന്ന പേരിൽ കർഷക ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല. 1997-98 മുതൽ 2004 വരെയുള്ള കാലയളവിലാണ് ഹരിത സംഘങ്ങൾ വഴി കൃഷി നടത്തിയിട്ടുള്ളത്. ഊർജ്ജിത പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി രൂപംകൊണ്ട ഹരിത സംഘങ്ങൾ മുഖേന പച്ചക്കറി കൃഷി വികസന പദ്ധതികളാണ് നടത്തിയിരുന്നത്. 5 ഹെക്ടർ വരുന്ന ഓരോ സംഘത്തിലും 15 മുതൽ 25 വരെ കർഷകർ അംഗങ്ങളായിരുന്നു. ഹെക്ടറിന് 50,000 രൂപ വരെ ധനസഹായം നൽകിയിരുന്നു. ടി സംഘങ്ങൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരുന്നു.

ഇതു കൂടാതെ 2007-ൽ പച്ചക്കറി ഉല്പാദന വർദ്ധനവിനു കൃഷി വകുപ്പ് നടപ്പിലാക്കിയ ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി രണ്ടായിരത്തോളം ഹരിതശ്രീ സംഘങ്ങൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി രൂപംകൊണ്ടു. ആദ്യവർഷം ഈ പദ്ധതിയിലൂടെ പച്ചക്കറി ഉല്പാദനം ഗണ്യമായി വർദ്ധിച്ചു. ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടിക്കോർപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ സംഭരിച്ച് ഇടത്തട്ടുകാരില്ലാതെ വിപണനം ചെയ്തുവന്നിരുന്നു.

അഗ്രികാർഡ് വിതരണവും പലിശരഹിത വായ്പയും

104 (7401) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗ്രികാർഡ് നൽകിയ എത്ര കർഷകരുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അഗ്രികാർഡ് കൈപ്പറ്റിയവർക്ക് നൽകിയതെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാനത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകാൻ കേന്ദ്രത്തോട് എന്തുതുക ആവശ്യപ്പെട്ടെന്നും കേന്ദ്രം എന്തുതുക അനുവദിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) അഗ്രികാർഡുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടില്ല. കാർഡുകളുടെ വിതരണത്തിനുള്ള നടപടികൾ നോഡൽ ബാങ്ക് ആയ കാനറ ബാങ്കിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (Crop loan)
- 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50% പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

പോളിഹൗസ് യൂണിറ്റുകൾക്കുള്ള സഹായം

105 (7402) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര പോളിഹൗസ് യൂണിറ്റുകൾക്ക് സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) പോളിഹൗസ് കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പോളിഹൗസ് കൃഷിയിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച എത്ര കൃഷി ഓഫീസർമാർ, ടെക്നീഷ്യന്മാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ; കൂടുതൽ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം സർക്കാർ സഹായം അനുവദിച്ച് ഇതുവരെ പൂർത്തിയായ പോളിഹൗസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	പൂർത്തിയായ പോളിഹൗസുകളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	39
2	കൊല്ലം	25
3	പത്തനംതിട്ട	17
4	ആലപ്പുഴ	27
5	ഇടുക്കി	29
6	കോട്ടയം	25
7	എറണാകുളം	60

LIBRARY ARCHIVES Kerala Legislative Assembly